WEDNESDAY 18-05-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/05/2022.

1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺനമ്പരുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9249500168 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |
| വയനാട് | 9446367312 | 9383471915 |
| കണ്ണൂർ | 9383472028 | 9495326950 |
| കാസർഗോഡ് | 9383471961 | 9383471965 |

2. കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിലെ നെല്ല് സംഭരണം വൈകുന്നു എന്നും വേനൽമഴയിൽ നെല്ല് നശിക്കുന്നു എന്നുമുള്ള കർഷക പരാതിയിന്മേൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്, ഭക്ഷ്യ സിവിൽ സർവ്വീസ് വകുപ്പ് മന്ത്രി ജി. ആർ അനിൽ എന്നിവർ സംയുക്തമായി വിളിച്ചു ചേർത്ത യോഗത്തിൽ ഇനി പറയുന്ന പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. പാടങ്ങളിൽ ശേഖരിച്ചിരിക്കുന്ന നെല്ല് ചുമതലപെടുത്തിയിരിക്കുന്ന മില്ല് ഉടമകൾ രണ്ടു ദിവസത്തിനിടെ പൂർണമായും സംഭരിക്കണമെന്നും

ഇക്കാര്യത്തിലുള്ള അലംഭാവം ഗൗരവമായി കാണുമെന്നും മന്ത്രിമാർ അറിയിച്ചു. ആവശ്യമെങ്കിൽ താൽക്കാലിക സ്റ്റോറേജ് സംവിധാനം ജില്ല ഭരണകൂടത്തിന്റെ സഹായത്തോടെ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകി . നെല്ലിന്റെ ഇനം, ഗുണമേന്മ എന്നിവ സംബന്ധിച്ച തർക്കങ്ങൾ ഉയരുകയാണെങ്കിൽ ജില്ലാ ഭരണകൂടം അടിയന്തിരമായി ഇടപെടണമെന്നും നിർദേശം നൽകി. നെൽപ്പാടങ്ങളിൽ നിന്ന് യഥാസമയം നെല്ല് സംഭരിക്കുന്നു എന്നുറപ്പാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ,പാഡി മാർക്കറ്റിംഗ് ഓഫീസർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനമായി. ബന്ധപ്പെട്ട കൃഷി ഓഫീസർ, നെല്ല് സംഭരണ ഓഫീസർ, ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന ഒരു ഡെപ്യൂട്ടി കളക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് തൽസ്ഥിതി എല്ലാ ദിവസവും ജില്ലാ കളക്ടറെ അറിയിക്കേണ്ടതാണ്. കൊയ്ത്ത് ഇനിയും പൂർത്തിയാക്കുവാനുള്ള പാടശേഖരങ്ങളിൽ അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രം എത്തിക്കുവാനുള്ള നടപടികൾ ഉടനടി കൈക്കൊള്ളുവാനും കാലവർഷം ആരംഭിക്കുന്നതിന്റെ മുമ്പ് തന്നെ കൊയ്ത്ത്, സംഭരണം എന്നിവ പൂർത്തീകരിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി.

3. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ നാളെ (മെയ് 19) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കോൾ സെന്ററിൽ കർഷകരുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതാണ്. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

4. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് ( മേയ് 27) ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്ര രചന (പെൻസിൽ ഡ്രോയിംഗ്) മത്സരം എന്നിവ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 25 നു (മേയ് 25) വൈകിട്ട് 5 മണിക്ക് മുമ്പായി **0476-2698550, 9847437232** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ജൂൺ ഒന്നിന് വിതരണം

നടത്തുന്നതാണെന്നും ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉത്പാദിപ്പിക്കുന്ന ചിക്കനും വിവിധ അനുബന്ധ ഉൽപ്പന്നങ്ങളും വിൽക്കുന്ന ഒരു സെയിൽസ് കൗണ്ടർ പേരൂർക്കട നെടുമങ്ങാട് റോഡിൽ വഴയില ജംഗ്ഷനിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. എല്ലാദിവസവും രാവിലെ 9 മണി മുതൽ 12 മണി വരെ ചിക്കൻ ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ഈ വിപണന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാല, പടന്നക്കാട് കാർഷിക കോളേജ് സ്റ്റുഡന്റ് യൂണിയന്റെ ആഭിമുഖ്യത്തിൽ 'മധുരം 2022' മാംഗോ ഫെസ്റ്റിന്റെ ഉദ്ഘാടനം കാഞ്ഞങ്ങാട് എം എൽ എ ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു. മാമ്പഴവും മാമ്പഴത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന വിവിധങ്ങളായ മൂല്യ വർധക ഉൽപന്നങ്ങളും വിപണനം ചെയ്യുന്നതിന് നൂതനമായ എല്ലാ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തണമെന്ന് എം. എൽ. എ പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് കാർഷിക വിജ്ഞാന സംബന്ധമായ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും കമ്മ്യൂണിറ്റി ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങളുടെ വിതരണവും എംഎൽഎ നടത്തി. ഫെസ്റ്റിനോടനുബന്ധിച്ച് വിവിധ ഇനം മാമ്പഴങ്ങൾ ആയ ഇമാംപസന്ത്, മല്ലിക, സിന്ദൂരം, ബംഗനപള്ളി, പഞ്ചവർണ്ണം മൂവാണ്ടൻ, കലപ്പാടി, നീലം അൽഫോൻസോ, റുമാനി, പ്രിയൂർ തുടങ്ങിയ ഇനം മാമ്പഴങ്ങളുടെയും ചക്ക ഇനങ്ങൾ, മറ്റ് പഴവർഗ്ഗങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന കൃഷി രീതികൾ, ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയുടെയും പ്രദർശന സ്റ്റാളുകളും നഴ്സറികളും ഉണ്ടായിരുന്നു.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (മേയ് 19) രാവിലെ 11 മണിക്ക് **മണ്ണ് പരിപാലനം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (മേയ് **18,19**) **ഓമനപ്പക്ഷി പരിപാലനം, 23,24 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം

നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. കാർഷിക സർവകലാശാലയിലെ വെള്ളാനിക്കര കാർഷിക കാലാവസ്ഥാ വിഭാഗത്തിലെ ഗ്രാമീൺ കൃഷി മൗസം സേവ നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു.

അറബിക്കടലിൽ നിന്ന് ദക്ഷിണ ഇന്ത്യയിലേക്ക് താഴ്ന്ന അന്തരീക്ഷ തലങ്ങളിൽ ശക്തമായ പടിഞ്ഞാറൻ കാറ്റ് അടിക്കുന്നതിനാൽ, കേരളത്തിലും ലക്ഷദ്വീപിലും ഇന്ന് കൂടെ (മെയ് 18 വരെ) ഒറ്റപെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയുള്ള ശക്തമായ മഴ പ്രതീക്ഷിക്കുന്നു. കൂടാതെ കാറ്റിന്റെ വേഗത മണിക്കൂറിൽ 40-50 കി.മീ വരെ ഉയരാൻ സാധ്യതയുള്ളതിനാൽ മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന് പ്രത്യേക മുന്നറിയിപ്പ് നൽകുന്നു. കർഷകർ സ്വയം ജാഗ്രത പാലിക്കുന്നതിനൊപ്പം വളർത്തു മൃഗങ്ങളെ ഇടിമിന്നലിൽ നിന്നും മറ്റും സംരക്ഷിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. കർഷകർ ഈ ദിവസങ്ങളിൽ കഴിവതും വളം, കീടനാശിനി പ്രയോഗങ്ങൾ ഒഴിവാക്കുക. പച്ചക്കറി പന്തലുകൾ ബലപെടുത്തുക. വാഴക്ക് ഊന്നുകാലുകൾ നൽകുക. വെള്ളകെട്ട് ഒഴിവാക്കാനായി സമീപപ്രദേശങ്ങളിലെ വേണ്ടത്ര നീർച്ചാലുകൾ മറ്റുള്ളവർക്ക് ദോഷം വരുത്താത്ത രീതിയിൽ തുറന്ന് മഴവെള്ളം ഒഴുക്കികളയാനുള്ള സംവിധാനങ്ങൾ ഒരുക്കുക.

10. കേരളത്തിലെ മഴ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം ജില്ല മൃഗ സംരക്ഷണ ഓഫീസർ നൽകുന്ന ജാഗ്രത നിർദേശങ്ങൾ:

മനുഷ്യരുടെ സുരക്ഷ എന്ന പോലെ തന്നെ പ്രധാനമാണ് ദുരന്തമേഖലകളിലെ മൃഗങ്ങളുടെയും പക്ഷികളുടെയും സുരക്ഷ. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെ കർഷകർ ജാഗരൂകരായിരിക്കണം. കാറ്റിലും മഴയിലും ഇലക്ട്രിക് ലൈനുകൾ പൊട്ടി വീഴാൻ സാധ്യതയുണ്ട്. വെള്ള കെട്ടുകളിൽ ഇറക്കുമ്പോൾ വൈദ്യുതിലൈൻ പൊട്ടി വീണു കിടക്കുന്നില്ലെന്നു ഉറപ്പാക്കണം. കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽക്കൂരകൾക്കടിയിൽ പാർപ്പിക്കരുത്.